I/36349/2023

**ഭരണഭാഷ – മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

(ഹയർ സെക്കന്ററി വിഭാഗം),

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,

ശാന്തി നഗർ,

തിരുവനന്തപുരം

ഇമെയിൽ - cgacdhse@gmail.com

ഫോൺ നമ്പർ -0471-2323198

**നം.സി.ജി&എ.സി-2/9847/2023/എച്ച്.എസ്.ഇ** **തീയതി :02-11-2023**

–

**സർക്കുലർ**

വിഷയം : പൊ.വി.വ – ഹ.സെ.വി – സി.ജി & എ.സി – വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി - **'Life style Disease Screening and Intervention Programme'** - സംബന്ധിച്ച്.

സൂചന: 1. G.O. (Rt)NO. 3573/2023/G.EDN തീയതി 16/06/2023.

2. ഈ ഓഫീസിലെ 19/09/2023 തീയതിയിലെ ഇതേ നമ്പർ അനൗദ്യോഗിക കുറിപ്പ്.

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കിടയിലെ ജീവിത ശൈലീരോഗ സാധ്യതകൾ തുടക്കത്തിലെ കണ്ടെത്തുന്നതിനും ആവശ്യമായ തുടർ ഇടപെടലുകൾ നടത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പും വനിത ശിശുക്ഷേമ വകുപ്പും ഈ പദ്ധതിയിൽ പങ്കാളികളാണ്. ആദ്യ ഘട്ടത്തിൽ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിനാവശ്യമായ വെയിങ് മെഷീൻ, സ്റ്റഡിയോ മീറ്റർ, ഡിജിറ്റൽ ബി.പി. അപ്പാരറ്റസ് എന്നിവ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഓൺലൈൻ സർവ്വേ നവംബർ 30 നകം പൂർത്തിയാക്കുന്ന വിധത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ ഇടപെടൽ ആവശ്യമുള്ള വിദ്യാർത്ഥികളിൽ ഫോളോഅപ്പ് പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്.

ഈ പ്രവർത്തനങ്ങൾക്ക് സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് പുറമേ സ്കൂൾ കൗൺസിലർമാർ, മറ്റധ്യാപകർ, വിദ്യാർത്ഥി വോളന്റിയർമാർ എന്നിവരുടെ സേവനം പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്. രക്ഷകർത്താക്കളുടെ സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഒരു ബോധവത്കരണക്ലാസ്സ്

സംഘടിപ്പിക്കേണ്ടതാണ്. ഹയർസെക്കണ്ടറി/ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യം പ്രയോജനപ്പെടുത്തുന്നതിനൊപ്പം ഇന്റർനെറ്റ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

തൊട്ടടുത്തുള്ള ഹെൽത്ത് സെന്ററുകൾ/ നഴ്സിങ് കോളേജുകൾ എന്നിവരുടെ സേവനവും പ്രിൻസിപ്പൽമാർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ സമയത്തും ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സംശയ നിവാരണത്തിനും രണ്ട് മേഖലകളായി തിരിച്ച് സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രിൻസിപ്പൽമാർ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. മേഖലയിലെ സ്കൂളുകളിൽ ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് അതാത് മേഖല ഉപമേധാവിമാർ ഉറപ്പ് വരുത്തേണ്ടതാണ്." Lifestyle Disease Screening and Intervention Programme"ന്റെ വിവിധ ഘട്ടങ്ങളുടെ സമയക്രമം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Shanavas S Ias
Date: 02-11-2023 14:12:52

വിശ്വസ്തതയോടെ,

DIRECTOR

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ
2. പ്രിൻസിപ്പൽ

## Prevention of Non-Communicable Disease- Lifestyle Disease Screening and Intervention Programme for Higher Secondary School Students in Kerala - 2023-24

നവംബർ മാസത്തിൽ ടി പ്രോഗ്രാമുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള വിവരണം താഴെ കൊടുക്കുന്നു. ഈ പ്രോഗ്രാമിൻറെ സുഗമമായ നടത്തിപ്പിന് മാത്രമായി ഒരു Whatsapp group ഉണ്ടാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും അതിലൂടെ ഷെയർ ചെയ്യുന്നതാണ്. ഈ പ്രോഗ്രാമുമായി മുന്നോട്ടുപോകുന്നതിനിടയിൽ എന്തെങ്കിലും പ്രതിബന്ധങ്ങൾ നേരിട്ടാൽ താഴെ കൊടുത്തിരിക്കുന്നവരുമായി ബന്ധപ്പെടാവുന്നതാണ്.

**Dr Leena Sumaraj, Senior Research Coordinator, CDC. Contact number 9846400455 or**

**Dr Juby Raj, Project Associate, CDC, Contact number: 9562471770**

| SL No | Activity | Timeline |
|---|---|---|
| | | |

| | | |
|---|---|---|
| 1 | പ്ലസ് വണ്ണിലെ എല്ലാ ഗ്രൂപ്പുകളിലും കൂടി ആകെ എത്ര കുട്ടികൾ എന്ന് കണക്കെടുക്കുക | 5 Nov 2023 |
| 2 | കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ രക്ഷിതാവിൻറെ സമ്മതപത്രത്തിൻറെ കോപ്പികൾ എടുക്കുക | 5 Nov 2023 |
| 3 | ക്ലാസ് ടീച്ചറുമായി coordinate ചെയ്ത് സമ്മതപത്രത്തിൽ ക്ലാസ്സിലെ ഓരോ കുട്ടിയുടെയും രക്ഷാകർത്താവിൻറെ ഒപ്പ് വാങ്ങുക **AND**<br>രക്ഷാകർത്താവ് പൂരിപ്പിച്ച (കുട്ടിയുടെ പേര്, ക്ലാസ്, സ്കൂൾ, രക്ഷാകർത്താവിന്റെ പേര്) സമ്മതം രേഖപ്പെടുത്തി ഒപ്പിട്ട സമ്മതപത്രം ശേഖരിച്ച സൗഹൃദ കോർഡിനേറ്ററിൻറെ കൈവശം സുരക്ഷിതമായി ഫയൽ ചെയ്ത് സൂക്ഷിക്കുക | 5 Nov 2023 |
| 4 | സ്കൂൾ കൗൺസിലർ/ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേർസ്/സൗഹൃദ ലീഡർമാർ എന്നിവരുമായി coordinate ചെയ്ത് രക്ഷിതാക്കൾ സമ്മതം നൽകിയ വിദ്യാർത്ഥികളുടെ രക്തസമ്മർദ്ദം (5-10 മിനിറ്റ് ഇടവേളയിൽ രണ്ടു പ്രാവശ്യം) , ഉയരം, ഭാരം എന്നിവ അളക്കുക (അധിക റഫറൻസിനായി വീഡിയോകൾ ഷെയർ ചെയ്യുന്നതായിരിക്കും) **AND**<br>കുട്ടികളുടെ ഉയരം, തൂക്കം, രണ്ടു തവണത്തെയും രക്തസമ്മർദ്ദം (BP 1, BP 2) ഒരു ബുക്കിലോ രജിസ്റ്ററിലോ രേഖപ്പെടുത്തി സൂക്ഷിക്കുക **AND**<br>ഓൺലൈൻ സർവേ ഫോമിൽ പൂരിപ്പിക്കുന്നതിനായി തങ്ങളുടെ മേൽപ്പറഞ്ഞ വിവരങ്ങൾ എഴുതി സൂക്ഷിക്കാൻ കുട്ടികളോട് നിർദ്ദേശിക്കുക | 1 Nov 2023 onwards. (To be completed before online survey) |
| 5 | ഓൺലൈൻ സർവേ ആരംഭവും പൂർത്തിയാക്കലും | 5th November – 30th November 2023 |
| 6 | വിദ്യാർത്ഥികൾക്കുള്ള NCD Awareness ക്ലാസ് IAP (ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്) യുമായി coordinate ചെയ്ത് സംഘടിപ്പിക്കുക. (ഡോക്ടർമാരുടെ contact details share ചെയ്യുന്നതാണ്.) | 10th November- 10th December 2023 |
| 7 | High risk കുട്ടികളുടെfollow up | November 20th onwards |